പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4112 | 18.10.2011 - ൽ മറുപടിക്ക്

## മൊയ്യ പാലം പുതുക്കിപ്പണിയുന്നത് സംബന്ധിച്ച്

| ചോദ്യം<br>ശ്രീ. കെ.കെ. നാരായണൻ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ ദേശീയ പാതയിലെ അപകടാവസ്ഥയിലായ മൊയ്യ പാലം പുതുക്കി പണിയുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) | നിലവിലുള്ള മൊയ്യ പാലത്തിന് സമാന്തരമായി പാലം നിർമ്മിക്കുന്നതിന് 17 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുള്ള 1899.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പാലം പണിയുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 303.73 ലക്ഷം രൂപയുടെ അനുമതി കേന്ദ്രത്തിൽ നിന്ന് ലഭിക്കുകയും പ്രസ്തുത പ്രവൃത്തി ഫാസ്റ്റ് ട്രാക്ക് പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ വില സെന്റിന് 1.67 ലക്ഷം രൂപയായി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ആധാരപരിശോധന റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | പുതിയ പാലം നിർമ്മാണം എപ്പോൾ തുടങ്ങാനാവുമെന്ന് വെളിപ്പെടുത്താമോ? | (ബി) | എസ്റ്റിമേറ്റ് അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പാലം നിർമ്മാണം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ